ലൻസ് കേസ്സ് രജിസ്റ്റർ ചെയ്യുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുകയുള്ളൂ.

59 (685) സംസ്ഥാന ജീവനക്കാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നിലവിലുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് അതാത് ഡി.ആർ.ബി.യിൽ അഞ്ചുവർഷം സേവനം പൂർത്തിയാക്കിയിരിക്കണമെന്ന ഉത്തരവ് എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഈ നിബന്ധനയിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവുകൾ വല്ലതും നിലവിലുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിയമനത്തിന് തെരഞ്ഞെടുത്ത ജില്ലയിൽ അഞ്ചുവർഷക്കാലം സേവനം അനുഷ്ഠിച്ചിരിക്കണമെന്ന ഉത്തരവ് ലംഘിച്ചുകൊണ്ട് ആർക്കെങ്കിലും സ്ഥലംമാറ്റം നൽകിയത് സംബന്ധിച്ചുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) അഞ്ചുവർഷക്കാലം സർവ്വീസ് പൂർത്തിയായിരിക്കണമെന്ന നിബന്ധന അന്തർ വകുപ്പു മാറ്റങ്ങൾക്ക് ബാധകമാണോ;

(എഫ്) അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കുമ്പോൾ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിച്ചവർക്ക് അവരുടെ ഹെഡ് ക്വാർട്ടേഴ്സിലുള്ള സേവനം പി.എസ്.സി. നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ സേവനത്തിന്റെ കണക്കിലാണോ പരിഗണിക്കുന്നത്;

(ജി) സ്വാതന്ത്ര്യസമര സേനാനികളുടെ മക്കൾക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന്, നിയമനത്തിനായി പി.എസ്.സി. തെരഞ്ഞെടുത്ത ജില്ലയിൽ അഞ്ചുവർഷത്തെ സേവനം അനുഷ്ഠിച്ചിരിക്കണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) 2.12.1991-ലെ സർക്കാർ ഉത്തരവ് (പി) നം.36/91/ഉ.ഭ.പ.വ. പ്രകാരം അന്തർ-ജില്ലാ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം അന്തർ-ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ നിയമനം ലഭിച്ച ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലേക്കും ഈ ജില്ലകളിൽ പരസ്പരവും അന്തർ-ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ നിബന്ധന ബാധകമല്ല. തെരഞ്ഞെടുത്ത ജില്ലയ്ക്കു പകരം ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിച്ചവർക്കും സൈനിക സേവനത്തിലോ/സൈനിക സേവനത്തിനിടയിൽ മരണ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുകയോ/സൈനിക സേവനംമൂലം സ്ഥിരമായ അംഗവൈകല്യം സംഭവിച്ച് സൈനിക സേവനത്തിൽനിന്നും വിരമിച്ചവരോ ആയവരുടെ അടുത്ത ആശ്രിതർക്കും ഈ നിയമനത്തിൽ ഇളവു നൽകിയിട്ടുണ്ട്.

(ബി) മേൽ വിവരിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നവരൊഴികെ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാണ്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ബാധകമാണ്.

(എഫ്) അതെ.

(ജി) ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

60 (686) ബി.ഡി.ഒ. മാരുടെ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നതിനായി പി.എസ്.സി. അവസാനമായി അപേക്ഷ ക്ഷണിച്ചത് എന്നാണ്; എത്ര ഒഴിവുകൾക്കു വേണ്ടിയാണ് അപേക്ഷ ക്ഷണിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28.1.92-ലെ ഗസറ്റ് വിജ്ഞാപന പ്രകാരമാണ് അപേക്ഷ ക്ഷണിച്ചത്. ഒഴിവുകളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല എന്നാണ് പ്രസ്തുത വിജ്ഞാപനത്തിൽ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ നേരിട്ടുള്ള നിയമനത്തിന് 30-ഉം തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 22-ഉം ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത തസ്തികയ്ക്കുള്ള നിയമനത്തിനായി 25.11.98-ന് നടത്തിയ പ്രാഥമിക എഴുത്തുപരീക്ഷയുടെ ഫലം 31.3.99-ൽ പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയായി കഴിവതുംവേഗം നിയമന ശുപാർശ നൽകുന്നതിനായി പി.എസ്.സി. നടപടികൾ സ്വീകരിച്ചുവരുന്നു.

61 (687) സഹകരണ ബാങ്കുകളിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനം

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly